# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

### പീരിയോഡിക്കൽ റിപ്പോർട്ട്
### (2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM Ist APRIL 2019 TO 31st MARCH, 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th August2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

പീരിയോഡിക്കൽ റിപ്പോർട്ട്
(2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM Ist APRIL 2020 TO 31st MARCH, 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

591/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

## സബ്ജക്ട് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും
## (2019-2021)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീമതി ഷാനിമോൾ ഉസ്മാൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന. കെ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 29-5-2019, 28-6-2019, 1-7-2019, 3-8-2019, 10-10-2019, 5-11-2019, 11-11-2019, 26-12-2019, 17-2-2020, 19-2-2020, 26-2-2020 എന്നീ തീയതികളിലായി 11 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, ബില്ലുകൾ എന്നിവയുടെ പരിശോധന, 2018-19-ലെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട്, എന്നിവയുടെ കരട് റിപ്പോർട്ട് പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 235 എ പ്രകാരമുള്ള വിഷയത്തിന്മേലുള്ള ചർച്ച, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട് പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 56% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ്. ആർ. ഒ.-കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2020 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2020 ജൂലൈ 23.

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട്, 14-3-2019-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 28-5-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട്, 26-2-2020-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-3-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-7-2019-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 1-7-2019-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

(1) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ, 5-11-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 7-11-2019-ന് സഭയിൽ സമർപ്പിച്ചു.

(2) 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ, 11-11-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 13-11-2019-ന് സഭയിൽ സമർപ്പിച്ചു.

(3) 2019-ലെ കേരള ധനകാര്യ ബിൽ, 28-6-2019-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റി II, V, VIII, IX, XIV എന്നിവയുടെ സംയുക്ത യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 1-7-2019-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ / എസ്.ആർ.ഒ.-കൾ

**കരട് ചട്ടങ്ങൾ :-**

(1) 2017-ലെ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് റൂൾസ്, കരട് ചട്ടം 3-8-2019-ൽ ചേർന്ന യോഗം പരിഗണിക്കുകയും കെ.എ.എസ്. നിലവിൽ വന്ന സാഹചര്യത്തിൽ, ആവശ്യമെങ്കിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തി പുതിയ ചട്ടങ്ങൾ കൊണ്ടുവന്നാൽ മതിയെന്ന് സമിതി അഭിപ്രായപ്പെടുകയും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടി അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(2) 2019-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങളുടെ കരട് 3-8-2019-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(3) 2019-ലെ ദി കേരള ലാന്റ് അസൈൻമെന്റ് (അമെന്റ്മെന്റ്) റൂൾസ്, ദി അസൈൻമെന്റ് ഓഫ് ലാന്റ് വിതിൻ മുനിസിപ്പൽ ആന്റ് കോർപ്പറേഷൻ ഏരിയാസ് (അമെന്റ്മെന്റ്) റൂൾസ് എന്നീ ചട്ടങ്ങളുടെ കരട് 26-12-2019-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**എസ്.ആർ.ഒ. :-**

(1) 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 902/2018 തീയതി 15-12-2018) 29-5-2019-ലെ യോഗം പരിഗണിക്കുകയും ഭേദഗതി നിർദ്ദേശത്തോടെ ആയത് സാധൂകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം "പ്രളയത്തിൽ തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസം" എന്ന വിഷയത്തിന്മേൽ 10-10-2019-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## അദ്ധ്യായം V

# സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| VI—ഭൂനികുതി<br>XI—ജില്ലാഭരണവും പലവകയും | 2015-16 | റവന്യൂ | 26-6-2019 |
| XI— ജില്ലാഭരണവും പലവകയും | 2016-17 | റവന്യൂ | 26-6-2019 |
| VI—ഭൂനികുതി<br>XI—ജില്ലാഭരണവും പലവകയും | 2017-18<br>2018-19)<br>(കാലതാമസ പത്രിക സഹിതം) | റവന്യൂ | 13-11-2019 |

## അദ്ധ്യായം VI

(a) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 22 | 2,11,18,21,22 | 1,3-10, 12-17, 19,20 | 17 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2018-19 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1605/സബ്.സി.ബി.1/2018/നി.സെ.)

ശിപാർശ

2029-00-001-98—കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 2200 ലക്ഷം രൂപ (പ്ലാൻ)

വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് റവന്യൂ ഓഫീസുകളെ ഘട്ടം ഘട്ടമായി സ്മാർട്ടാക്കി മാറ്റിയെടുക്കുന്നതിനുള്ള പദ്ധതിയ്ക്കായി മേൽ ശീർഷകത്തിൽ 2017-18 വർഷം 1000 ലക്ഷം രൂപയുടെ അധികധനാനുമതി ലഭിക്കുകയുണ്ടായി എന്നും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകങ്ങളിൽ ഉണ്ടായിരുന്ന പദ്ധതികളായ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റിലെ കോൺഫറൻസ് ഹാൾ നവീകരണം ഇവയ്ക്കായി 2017-18 സാമ്പത്തിക വർഷം 1540 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അധികധനാനുമതി ലഭിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം, കളക്ടറേറ്റ് ഹാൾ നവീകരണം എന്നീ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം പൊതുമരാമത്ത് വകുപ്പിന്റെ

4059-01-051-61-(PV) (1400 ലക്ഷം രൂപ), 2059-01-051-82-(PV) (500 ലക്ഷം രൂപ), 2059-01-051-81-(PV) (400 ലക്ഷം രൂപ) എന്നീ ശീർഷകങ്ങളിലാണ് വകയിരുത്തിയിട്ടുള്ളതെന്നും കൂടാതെ, സ്മാർട്ട് റവന്യൂ ഓഫീസുകളുടെ നിർമ്മാണം എന്ന പദ്ധതിയുടെ ഘടകമായ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന ഘടകത്തിനുള്ള ഫണ്ട് 2029-00-001-98 എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനാണ് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതെങ്കിലും 2018-19 ബഡ്ജറ്റിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള 235.80 ലക്ഷം രൂപ ഭവനനിർമ്മാണം എന്ന ധനാഭ്യർത്ഥനയ്ക്ക് കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മേൽ പരാമർശിച്ച പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയോ ഭവനനിർമ്മാണ വകുപ്പ് മുഖേനയോ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടിക്രമങ്ങളിലെ കാലതാമസം തടസ്സമാകുമെന്നതിനാൽ നിലവിൽ പൊതുമരാമത്ത് എന്ന ധനാഭ്യർത്ഥന നമ്പർ XV-ന് കീഴിലെ 4059-01-051-61-(PV) (14 കോടി രൂപ), 2059-01-051-82-(PV) (5 കോടി രൂപ), 2059-01-051-81-(PV) (4 കോടി രൂപ) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള യഥാക്രമം 1400 ലക്ഷം രൂപയും 500 ലക്ഷം രൂപയും 400 ലക്ഷം രൂപയും, ഭവന നിർമ്മാണം എന്ന ധനാഭ്യർത്ഥന നമ്പർ XXI-ന് കീഴിലെ 4216-01-700-85 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 235.80 ലക്ഷം രൂപയും ധനാഭ്യർത്ഥന VI-ലെ റവന്യൂ വകുപ്പിന്റെ 2029-00-01-98 എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

2018-19 സാമ്പത്തിക വർഷം വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 4059-01-051 (P) എന്ന ശീർഷകത്തിൽ നിന്നും 2029-00-001-98(P) എന്ന റവന്യൂ ശീർഷകത്തിലേയ്ക്ക് 18 കോടി രൂപ അധിക ധനാനുമതിയായി മാറ്റി അനുവദിച്ചിട്ടുണ്ട്. കൂടാതെ "റവന്യൂ ഓഫീസുകളുടെ ആധുനികവൽക്കരണം" എന്ന പദ്ധതിക്കായി 5 കോടി രൂപ പൊതുമരാമത്തു വകുപ്പിന്റെ ശീർഷകമായ 4059-01-051(P) എന്ന ശീർഷത്തിൽ നിന്നും 2029-00-001-98 (P) എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. 4216-01-700-85 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 3 കോടി രൂപ (235.80 ലക്ഷം + എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് 60 ലക്ഷം + T&P വിഹിതം 4.20 ലക്ഷം രൂപ) 2029-00-01-98 എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും ആയത് മാറ്റി നൽകുകയുണ്ടായില്ല.

ശിപാർശ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും

ബഡ്ജറ്റ് വിഹിതം : 15552.57 ലക്ഷം രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ച 6 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും 2 താലൂക്കുകളിലെയും ഓഫീസുകളിലേക്ക് വാഹനം വാങ്ങുന്നതിനായി 2053-00-093-99-21(1) എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം 90 ലക്ഷം രൂപ അധിക ധനസഹായം മുഖേന വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2053-00-093-98—സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് 6 റവന്യൂ ഡിവിഷണൽ ഓഫീസുകളും 2 താലൂക്കുകളും പുതുതായി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 140 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ഉപധനാഭ്യർത്ഥനകളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

(റഫറൻസ് നമ്പർ എഫ്2/436/2018-റവ, 20-8-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2245-80-102-95—ചുഴലിക്കാറ്റ് മൂലമുള്ള അപകട സാദ്ധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി

ബഡ്ജറ്റ് വിഹിതം : (01) 750 ലക്ഷം രൂപ (പ്ലാൻ)

(04) 250 ലക്ഷം രൂപ (പ്ലാൻ)

ആകെ - 1000 ലക്ഷം രൂപ (പ്ലാൻ)

ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ് മൂലമുണ്ടാകുന്ന അപകടസാദ്ധ്യതാവ്യാപ്തി കുറയ്ക്കുന്നതിനുവേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് അപകടസാദ്ധ്യതാ ലഘൂകരണ പദ്ധതി. ഈ പദ്ധതിയിൻ കീഴിൽ ദുരന്ത സാധ്യതാ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിനായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

വാർണിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ടെലികമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിച്ച് 1,73,31,962 (ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിരണ്ടു രൂപ മാത്രം) രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ആയതിലേയ്ക്കായി സ.ഉ.(സാധാ) നമ്പർ 370/2018/DMD തീയതി, 4-7-2018 പ്രകാരം 1,73,31,962 (ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തിമുപ്പത്തി യൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിരണ്ടു രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ) നമ്പർ 466/2018/ DMD തീയതി, 30-8-2018 പ്രകാരം ദുരന്ത സാധ്യതാ മുന്നറിയിപ്പ് സംവിധാനത്തിനുള്ള ശീർഷകത്തിലേയ്ക്ക് 8.10 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത 2 കോടി രൂപ മേൽ തുകയിൽ നിന്നും വിനിയോഗിക്കുന്നതാണ്.

(റഫറൻസ് നമ്പർ. DMB1/113/2018-DMD, 20-11-2019)

(ഡിലേ സ്റ്റേറ്റ്മെന്റ് 6-2-2020-ന് സഭയിൽ സമർപ്പിച്ചു)

## 2017-18 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2529/സബ്സി.ബി1/2017/നി.സെ.)

### ശിപാർശ

2053-00-093-99—കളക്ടർമാരും മജിസ്ട്രേറ്റുമാരും (നോൺപ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 50 ലക്ഷം രൂപ 2053-00-093-99-80 എന്ന ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി ചെലവാകുന്ന തുക റവന്യൂ റിക്കവറിയായി ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി 0029-00-800-90 എന്ന ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ പ്രസ്തുത ആവശ്യത്തിലേക്കായി 2053-00-093-99-80 എന്ന ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 6)

### സ്വീകരിച്ച നടപടി

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് നികത്തപ്പെട്ട തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 50 ലക്ഷം രൂപ 2053-00-093-99-80 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ബഹു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ ഇതേ ആവശ്യത്തിനായി പുതുതായി ആരംഭിച്ച 2029-00-800-74 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. എന്നാൽ പല കാരണങ്ങളാൽ ടി തുക ചിലവഴിക്കാൻ സാധിച്ചിട്ടില്ല എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

(റഫറൻസ് നമ്പർ REV-P1/362/2017, 28-11-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 30-1-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

2053-00-094-47—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം (100% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം : ഇല്ല (പ്ലാൻ)

കേന്ദ്രസർക്കാരിൽ നിന്നും പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ലഭിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള MOU വിൽ ഈ പ്രോജക്ട് 1-10-2015 മുതൽ 31-1-2017 വരെ നടപ്പിലാക്കണമെന്നും ഇതിനായി 55 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുമെന്നും പ്രതിപാദിച്ചിരുന്നു. 2053-00-094-47 - Strengthening of SDMA & DDMA എന്ന ശീർഷകത്തിൽ നിന്ന് 26-3-2016-ലെ സ.ഉ (സാധാ) നമ്പർ 2186/2016/ഡിഎംഡി പ്രകാരം 39,39,000 രൂപയും 23-1-2017-ലെ സ.ഉ (സാധാ) നമ്പർ 54/2017/ഡിഎംഡി പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി 24,73,000 രൂപയും ഉൾപ്പെടെ 64,12,000 രൂപ (അറുപത്തിനാല് ലക്ഷത്തിപന്ത്രണ്ടായിരം രൂപ മാത്രം) സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും ശാക്തീകരണം എന്ന പ്രോജക്ടിനായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(റഫറൻസ് നമ്പർ DMA 4/361/2018, 7-9-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 5-12-2018-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ലാൻറ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർമാരുടെ ഓഫീസുകൾക്ക് സ്വന്തമായി വാഹനമോ, കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയിംഗ് മെഷീൻ എന്നിവ ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടുന്ന ജോലികൾ ചെയ്തു തീർക്കുവാൻ സാധിക്കാത്ത സാഹചര്യ മാണുള്ളതെന്ന് സമിതി

നിരീക്ഷിക്കുന്നു. ധനകാര്യ വകുപ്പിന്റെ തീരുമാനമനുസരിച്ച് പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ വാഹനം വാടകക്കെടുക്കാവുന്നതാണെന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ലാന്റ് ട്രൈബ്യൂണലുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

സംസ്ഥാനത്ത് സ്റ്റേറ്റ് ലാൻഡ് ബോർഡും അതിന് കീഴിൽ 17 ലാൻഡ് ട്രൈബ്യൂണലുകളും 3 അപ്പലേറ്റ് അതോറിറ്റികളും ശ്രീപണ്ടാരവക സ്പെഷ്യൽ ഓഫീസും പ്രവർത്തിച്ചു വരുന്നു. ഈ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17, 2017-18, എന്നീ വർഷങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ചതനുസരിച്ച് 2016-17 വർഷത്തിൽ 40 ലക്ഷം രൂപയും 2017-18 -ൽ 1 കോടി രൂപയും പ്ലാൻ ഫണ്ടിനത്തിൽ നൽകിയിരുന്നു. ഇതുകൂടാതെ DLRMP (ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം)-യിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപയും നൽകുകയുണ്ടായി.

<u>സ്റ്റേറ്റ് ലാൻഡ് ബോർഡ്</u>

മേൽ പ്രതിപാദിച്ച തുക വിനിയോഗിച്ച് വിവിധ ഘട്ടങ്ങളിലായി ലാൻഡ് ബോർഡ് ഓഫീസിൽ എല്ലാ സെക്ഷനുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ, യു. പി. എസ്. എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ EPABX, LAN നെറ്റ് വർക്കിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. ആധുനിക രീതിയിലുള്ള വർക്ക് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ഭൗതിക സൗകര്യങ്ങൾ പൂർണ്ണമായും സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ലാൻഡ് ട്രൈബ്യൂണലുകളും അപ്പലേറ്റ് അതോറിറ്റികളും</u>

ലാൻഡ് ട്രൈബ്യൂണൽ തഹസീൽദാർമാരുടെ ഓഫീസുകൾക്ക് വാഹന സൗകര്യം ലഭ്യമല്ലാത്തതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ട ജോലികൾ യഥാസമയം ചെയ്തു തീർക്കുന്നതിന് സാധിക്കാത്തതിനാൽ ധനകാര്യ വകുപ്പിന്റെ തീരുമാനം അനുസരിച്ച് ടി ആഫീസുകൾക്ക് ആവശ്യമായ വാഹനം വാടകയ്ക്കെടുക്കാവുന്നതാണെന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി നിരീക്ഷിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ ലാൻഡ് ട്രൈബ്യൂണൽ ആഫീസുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ല. ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുന്നു.

മേൽ പ്രതിപാദിച്ച തുകയിൽ ലാൻഡ് ട്രൈബ്യൂണലുകൾക്കും അപ്പലേറ്റ് അതോറിറ്റിക്കും തുക മാറ്റി വയ്ക്കുകയും അത് ഉപയോഗിച്ച് അതാത് ഓഫീസുകൾക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, മൾട്ടിഫംങ്ഷൻ പ്രിന്ററുകൾ, യു. പി. എസു . കൾ തുടങ്ങി എല്ലാ ഇലക്ട്രോണിക് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ കേസ് റിക്കാർഡുകൾ സൂക്ഷിക്കുന്നതിനുള്ള റാക്കുകൾ, ഓഫീസ് ഫർണിച്ചറുകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾക്ക് ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടായിരുന്ന ഇത്തരം പരാധീനതകൾ എല്ലാം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ട്രൈബ്യൂണൽ ഓഫീസുകൾ, ജില്ലകളിൽ, സിവിൽ സ്റ്റേഷനുകളിലൊക്കെ നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ, പാലക്കാട്ടും കാസർഗോഡും, സൗകര്യം കുറഞ്ഞ സാഹചര്യമുണ്ട്.

ഡിജിറ്റലൈസേഷൻ

DLRMP (ഡിജിറ്റൽ ഇന്ത്യ ലാൻഡ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം)-ൽ ഉൾപ്പെടുത്തി ലാൻഡ് ട്രൈബ്യൂണുകളിലെ വർഷങ്ങൾ പഴക്കമുള്ള കേസ് റിക്കാർഡുകൾ മുഴുവൻ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

(റഫറൻസ് നമ്പർ 104/ആർ2/2018/റവ., 18-9-2019)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019 -ന് സഭയിൽ സമർപ്പിച്ചു)

## 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4577/സബ്സി.ബി1/2016/നി.സെ.)

ശിപാർശ

2245-80-102-98—ചുഴലിക്കാറ്റുമൂലമുള്ള അപകടസാധ്യത ശമിപ്പിക്കാനുള്ള ദേശീയപദ്ധതി

ബഡ്ജറ്റ് വിഹിതം : 1200 ലക്ഷം രൂപ (പ്ലാൻ)

ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പദ്ധതി നിർവ്വഹണത്തിന് പര്യാപ്തമല്ല എന്ന് വിലയിരുത്തിയ സമിതി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ നിർവ്വഹണത്തിനുള്ള സംസ്ഥാന വിഹിതത്തിലേയ്ക്ക് 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

2016-17 കാലയളവിൽ നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന് 12 കോടി രൂപ കംപോണന്റ് ബി യിലും 1 കോടി രൂപ കംപോണന്റ് ഡി യിലുമായാണ് ആവശ്യമായിരുന്നത്. എന്നാൽ, ബജറ്റ് മുഖാന്തരം അനുവദിക്കപ്പെട്ടിരുന്ന 12 കോടി രൂപയിൽ നിന്നും 1 കോടി രൂപ ധനഃപുനർവിനിയോഗം വഴി കോംപോണന്റ് ഡി യിലേക്ക് അനുവദിക്കുകയുണ്ടായി. ആയതിനാൽ നിയമസഭാ സമിതി ശിപാർശ ചെയ്ത 1 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

2053-00-094-50—<u>ഡിസാസ്റ്റർ മാനേജ്മെന്റ് ദുരന്തനിവാരണവും പുനരധിവാസവും</u>

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

സംസ്ഥാനത്തെ ദുരന്ത നിവാരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ച് അഞ്ച് വർഷം പൂർത്തിയായിട്ടും അതോറിറ്റിക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഹെഡിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺപ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് നോൺപ്ലാൻ ഇനത്തിൽ 52.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ ദുരന്തനിവാരണ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് '2053-00-094-50 ഡിസാസ്റ്റർ മാനേജ്മെന്റ് ദുരന്തനിവാരണവും പുനരധിവാസവും (PV)' -ൽ (ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച ചെലവിനായി) തുക അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ DMA4/296/18-DMD, 4-6-2019)

(ഡിലേ സ്റ്റേറ്റ്മെന്റ് 26-6-2019-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി മിച്ചഭൂമി ഇല്ലാത്ത ജില്ലകളിൽ ഭൂമി വിലയ്ക്ക് വാങ്ങുക, പദ്ധതിക്ക് കണ്ടെത്തിയ ഭൂമിയിൽ എത്തിച്ചേരുന്നതിനുള്ള വഴിക്കായി ഭൂമി വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം Plan Wind up-ൽ ഉൾപ്പെടാത്തതിനാൽ ചെലവാക്കാൻ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ഈ പദ്ധതിയിൽ അനുവദിച്ച വിഹിതം Plan Wind up-ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പ്ലാനിംഗ് ബോർഡിന് നൽകണമെന്നും Plan Wind up-ൽ മാറ്റം വരുത്തി പ്ലാനിംഗ് ബോർഡിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരുന്നത്. ഇതിൽ 340 ലക്ഷം രൂപ എറണാകുളം, തൃശ്ശൂർ ജില്ലകൾക്ക് യഥാക്രമം 215, 125 ലക്ഷം രൂപ വീതം ഭൂമി വാങ്ങുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകുകയും അവശേഷിക്കുന്ന 260 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ വഴിക്ക് വേണ്ടി ഭൂമി വാങ്ങുന്നതിനായി പ്ലാനിംഗ് ബോർഡിന്റെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂമി വാങ്ങുന്ന കാര്യങ്ങൾ വിവിധ കാരണങ്ങളാൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശിപാർശ</u>

ഭൂമിഗീതം പരിപാടിയുമായി ബന്ധപ്പെട്ട് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഭൂമി വാങ്ങുന്നതിനായി 2015 ജനവരി-ഫെബ്രുവരി മാസങ്ങളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്ഥലം കണ്ട് നെഗോഷിയേഷൻ നടത്തി ഒരു സെന്റിന് ഇത്ര രൂപാ എന്ന് വില നിശ്ചയിച്ച് കരാർ ഉറപ്പിച്ചിരുന്നതായും എന്നാൽ സ്ഥലം നൽകിയ ഭൂരിഭാഗം പേർക്കും പണം ലഭിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും സമിതി വിലയിരുത്തുന്നു. 2014-15, 2015-16-ലെ ബഡ്ജറ്റുകളിൽ ഈ ഇനത്തിൽ അനുവദിച്ച തുക പകുതി പോലും ചെലവാക്കാനാകാതെ ലാപ്സാക്കിയിട്ടും ഭൂമി നൽകിയ ആളുകൾക്ക് പണം നൽകാത്തത് നീതീകരിക്കാനാകാത്തതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിന് സർക്കാരുമായി കരാർ ഉറപ്പിച്ച എല്ലാ ഭൂഉടമകൾക്കും അടിയന്തരമായി ആയതിന്റെ വില നൽകി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2014-15 സാമ്പത്തിക വർഷം ഭൂമിഗീതം പരിപാടിയുമായി ബന്ധപ്പെടുത്തി ഭൂമി വാങ്ങാൻ ഫണ്ട് ലഭിച്ചിരുന്നില്ല. 2015-16 സാമ്പത്തികവർഷം

പദ്ധതിക്കായി ലഭിച്ചിരുന്ന 600 ലക്ഷം രൂപ 3-6-2015-ൽ പുറപ്പെടുവിച്ചിരുന്ന ഉത്തരവ് പ്രകാരം, വഴിക്ക് വേണ്ടി 150 ലക്ഷം രൂപ ചെലവാക്കാൻ ഭരണാനുമതി ലഭിച്ചിരുന്നു. 23-12-2015 ലെ സ.ഉ.(സാധാ) നമ്പർ 6840/15/റവ. ഉത്തരവ് പ്രകാരം 600 ലക്ഷം രൂപയിൽ നിന്നും 300 ലക്ഷം രൂപ എറണാകുളം, തൃശ്ശൂർ ജില്ലകൾക്ക് ഭൂമിഗീതം പരിപാടിയിലൂടെ സ്വരൂപിച്ച തുകയോട് ചേർത്ത് ഭൂമി വാങ്ങുന്നതിനും സർക്കാർ ഭൂമി കുറവുള്ള മലപ്പുറം, കോഴിക്കോട്, ആലപ്പുഴ ജില്ലകൾക്ക് ഭൂമി വാങ്ങുന്നതിനായി 100 ലക്ഷം രൂപയും അനുവദിച്ച് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു.

എന്നാൽ 2014-15 സാമ്പത്തികവർഷം ചെലവാകാതെ മിച്ചം വച്ചിരുന്നതും ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതുമായ തുകയിൽ നിന്ന് 600 ലക്ഷം രൂപയാണ് 2015-16 വർഷം സർക്കാർ അനുവദിച്ചിരുന്നത്. ടി തുക 2014-15-ലെ ഭരണാനുമതി പ്രകാരമുള്ള ഇനങ്ങൾക്ക് ചെലവാക്കാൻ മാത്രമേ അനുമതി ഉണ്ടായിരുന്നുള്ളൂ. 2016-17 നടപ്പ് വർഷം 340 ലക്ഷം രൂപ ഈ ഇനത്തിൽ ലഭിക്കുകയും ആയത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

വസ്തു വിലയ്ക്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലും വസ്തു ഉടമകളുമായി കരാർ ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലും നടപടികൾ തുടർന്ന് വരുന്നു.

<u>ശിപാർശ</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ 58398 പട്ടയങ്ങളിൽ 40905 പട്ടയങ്ങൾ മാത്രമാണ് വിതരണം ചെയ്തതെന്നും തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കാതെ നൽകിയ പട്ടയങ്ങൾ 60 ദിവസം കഴിഞ്ഞപ്പോൾ ലാപ്സായതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യം അടിയന്തരമായി പുനഃപരിശോധിക്കണമെന്നും തയ്യാറാക്കിയ മുഴുവൻ പട്ടയങ്ങളും അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

58398 പട്ടയങ്ങൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിനും ഭൂമി തർക്കരഹിതമായി വിതരണം ചെയ്യുന്നതിനും ആക്ഷേപരഹിതമായി കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന കാട്ടാക്കട താലൂക്കിലെ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിലേക്ക് 16-2-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.)118/16/റവ. നമ്പർ പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ വില്ലേജുകളിൽ 2 പ്രൊവിഷണൽ പട്ടയം വീതവും യഥാക്രമം 163, 7, 296 ഓർഡർ ഓഫ് അസൈൻമെന്റുകളും വിതരണം ചെയ്തു.

1964-ലെ കേരള ഭൂമി പതിവ് നിയമം, ചട്ടം 24 പ്രകാരമുള്ള സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ടി വില്ലേജുകളിൽ ഉൾപ്പെട്ട് വരുന്ന 477 വീട് വച്ച് താമസിക്കുന്ന കൈവശക്കാർക്ക് പട്ടയം അനുവദിക്കാനും വില്ലേജ് രേഖകൾ പ്രകാരം ക്ലാമല റിസർവ്, കാണിപ്പറ്റ് ഇറിഗേഷൻ, നെയ്യാർ ഡാം റിസർവോയർ എന്നിവ രേഖപ്പെടുത്തലുകളിൽ നിന്നും ഒഴിവാക്കി മറ്റ് എല്ലാ നടപടികളും പാലിച്ച് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

കേരള ഭൂമി പതിവ് നിയമപ്രകാരം മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ഇനം മാറ്റി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ പതിവ് നടപടികൾ സാധ്യമാവുകയുള്ളൂ. മാത്രമല്ല ടി ഭൂമി പതിച്ച് നൽകുന്നതിന് വനം വകുപ്പ്, ഡാം സുരക്ഷാ സമിതി, കേന്ദ്ര സർക്കാരിന്റെ വകുപ്പുകളുടെയും അനുമതി അനിവാര്യമാണ്. ആയത് നാളിതുവരെ ലഭ്യമായിട്ടില്ല.

നിലവിലെ ഭൂമി പതിവ് നിയമം പ്രകാരം 15 സെന്റ് വരെ ഭൂവിസ്തൃതിയുള്ളവർക്ക് സെന്റിന് 200 രൂപ ക്രമത്തിൽ ഭൂമി വില രേഖപ്പെടുത്തിയും അതിൽ കൂടുതൽ ഭൂവിസ്തൃതിയുള്ളവർക്ക് ഭൂമി വില രേഖപ്പെടുത്താതെയും ഓർഡർ ഓഫ് അസൈൻമെന്റ് വിതരണം ചെയ്തു. കൂടാതെ വരുമാന പരിധി സർക്കാർ നിശ്ചയിച്ചിരിക്കുന്നത് ഒരു ലക്ഷം രൂപയാകുന്നു. അതിൽ കൂടുതൽ വരുമാനമുള്ളവരുടെ കാര്യത്തിൽ ടി ഉത്തരവിൽ വ്യക്തതയില്ലാത്തതിനാൽ ടി ഉത്തരവിൽ സൂചിപ്പിക്കുന്ന പ്രകാരം ഭൂമിയുടെ ഇനം മാറ്റം സംബന്ധിച്ചും, ഭൂമി വില നിർണ്ണയം സംബന്ധിച്ചും എം.എഫ്.എൽ.-ന് താഴെ താമസിച്ചു വരുന്നവരുടെ പുനരധിവാസം സംബന്ധിച്ചും എം.എഫ്.എൽ+2 എന്നതിന് പകരം 86.56 എം എന്ന് രേഖപ്പെടുത്തിയത് പരിഹരിക്കുന്നതിലേക്കും തീരുമാനമൊന്നും ആയിട്ടില്ല.

<u>ശിപാർശ</u>

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പട്ടയം ലഭിച്ചവരിൽ പലർക്കും പട്ടയം തയ്യാറാക്കിയതിലെ അപാകതകൾമൂലം കരം അടയ്ക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വാസയോഗ്യമായ ഭൂമി കണ്ടെത്തി അർഹരായ എല്ലാ ഭൂരഹിതർക്കും നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി 2016-17-ൽ ബഡ്ജറ്റിൽ അനുവദിച്ച 6 കോടി രൂപ ഉപയോഗിച്ച് ഭൂമി ലഭ്യമല്ലാത്ത പ്രദേശങ്ങളിലുള്ളവർക്ക് മറ്റ് സ്ഥലങ്ങളിൽ വാസയോഗ്യമായ ഭൂമി വാങ്ങി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

പട്ടയം നൽകിയതിലെ അപാകതകൾ മുഖേന കരം അടയ്ക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലില്ല. മറ്റ് പല കാരണങ്ങളാൽ കരം അടയ്ക്കാൻ സാധിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ പരിഹരിച്ച് വരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ ജില്ലാ തലത്തിൽ നടന്നുവരുന്നു. ഇക്കാര്യങ്ങൾ ബഹു. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

(റഫറൻസ് നമ്പർ എ 4/12/2018/RD,5-8-2019)

(ഡിലേ സ്റ്റേറ്റ്മെന്റ് 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്നതിനുമുള്ള പദ്ധതിയിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ദീർഘനാളുകൾ കൊണ്ട് മാത്രമേ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് കൂടുതൽ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രവൃത്തി കഴിയുന്നത്ര വേഗം പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ കയ്യേറ്റഭൂമി പൂർണ്ണമായും തിരിച്ച് പിടിക്കുന്നതിനും തിരിച്ച് പിടിച്ചവ സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

സർക്കാർ ഭൂമി കയ്യേറ്റം 27-5-2016-ന് ശേഷം കർശനമായി നിരോധിക്കണമെന്നും പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ ഒഴിവാക്കുന്നതിലേയ്ക്കായി കർശന നടപടികൾ സ്വീകരിക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ 30-5-2016-ൽ LRK4-19704/2016-ാം നമ്പർ കത്ത് പ്രകാരം സർക്കാർ ഭൂമി കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ ഉത്തരവ് യഥാവിധി പാലിയ്ക്കുന്നതിലേയ്ക്കായും, സർക്കാർ ഭൂമി കയ്യേറ്റങ്ങളും, ടി ഭൂമിയിന്മേലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും മേലിൽ ഉണ്ടാകാതിരിക്കുന്നതിലേയ്ക്കായും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കുമായി നിതാന്ത ജാഗ്രത പുലർത്തുവാനും ഇത്തരം അനധികൃത പ്രവർത്തനങ്ങൾക്കെതിരായി സമയബന്ധിതമായി തന്നെ നടപടികൾ സ്വീകരിക്കുവാനും എല്ലാം ഉപകാര്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ കുറ്റമറ്റതും, സമയബന്ധിതവുമാക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച ഒരു സർക്കുലർ എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും നൽകിയിട്ടുള്ളതും, ഓരോ മാസവും അവസാനത്തെ പ്രവൃത്തി ദിവസം താലൂക്ക് തലത്തിൽ അഡീഷണൽ തഹസിൽദാർ/സ്പെഷ്യൽ റവന്യൂ ആഫീസർ, മൂന്നാർ എന്നിവർ കെ.എൽ.സി. റിവ്യൂ മീറ്റിംഗ് വിളിച്ച് ചേർത്ത് ഓരോ കേസും വിശകലനം ചെയ്ത് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും ആയത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് സമയബന്ധിതമായി തന്നെ ബന്ധപ്പെട്ട സബ് ഡിവിഷൻ അധികാരി മുഖാന്തരം ഇടുക്കി ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമി, പുഴ, പുഴ പുറമ്പോക്കുകൾ എന്നിവയിന്മേൽ തുടർച്ചയായ അവധി ദിവസങ്ങളിലും, രാത്രികാലങ്ങളിലും ഉണ്ടായേക്കാവുന്ന അനധികൃത കയ്യേറ്റങ്ങളും, നിർമ്മാണ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിലേയ്ക്കായി താലൂക്ക് തലത്തിൽ താലൂക്ക്, വില്ലേജ് ആഫീസിലെ വിവിധ തസ്തികയിലുള്ള ജീവനക്കാരുടെ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും ടി സംഘം ഇപ്രകാരമുള്ള നിയമലംഘനങ്ങൾക്കെതിരെ സമയബന്ധിതമായി തന്നെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു പോരുന്നതുമാണ്.

സർക്കാർ ഭൂമിയന്മേൽ ഉണ്ടായേക്കാവുന്ന അനധികൃത കയ്യേറ്റങ്ങൾ യഥാസമയം കണ്ടുപിടിച്ച് ഒഴിപ്പിക്കുന്നതിലേയ്ക്കും, കയ്യേറ്റമൊഴിപ്പിച്ച സർക്കാർ ഭൂമി വീണ്ടും കയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കുമായി താലൂക്ക് തലത്തിൽ ഭൂസംരക്ഷണ സേനയുടെ പട്രോളിംഗും നടത്തി പോരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ച ഒഴിപ്പിക്കൽ നടപടികൾക്കെതിരായി വിവിധ കോടതികളിൽ വിവിധ വ്യക്തികൾ ഫയൽ ചെയ്ത കേസ്സുകളിന്മേൽ സർക്കാർ ഭാഗം ബോധിപ്പിക്കുന്നതിലേയ്ക്കായി യഥാസമയം വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ ഫയൽ ചെയ്ത പോരുന്നതുമാണ്. സർക്കാർ ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിലേയ്ക്കായി മേൽ പരാമർശിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിൽ അതീവ ജാഗ്രത പുലർത്തിപ്പോരുന്നതാണ്.

(റഫറൻസ് നമ്പർ എ 4/12/2018/RD, 24-1-2020)

(ഡിലേ സ്റ്റേറ്റ്മെന്റ് 24-8-2020-ന് സഭയിൽ സമർപ്പിച്ചു)

## 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3162/സബ്.സി.ബി1/2014/നി.സെ.)

<u>ശിപാർശ</u>

2506-00-103-93(03)—<u>ഭൂമി സംബന്ധമായ റിക്കാർഡുകളുടെ ആധുനികവത്ക്കരണം, രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണം (25% കേന്ദ്ര വിഹിതം)</u>

ബഡ്ജറ്റ് വിഹിതം :3,20,00,000 രൂപ (പ്ലാൻ)

ഭൂമി സംബന്ധമായ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിനായി ലഭിക്കേണ്ട

സംസ്ഥാനവിഹിതമായ 9,70,00,000 രൂപയിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ ബാക്കി തുകയായ 6,50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 6,50,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും കൂടുതൽ തുകയൊന്നും ലഭിച്ചിരുന്നില്ല.

(റഫറൻസ് നമ്പർ ഇ 3/611/2018-REV, 3-12-2018)

(ഡിലേ സ്റ്റേറ്റ്മെന്റ് 26-6-2019-ന് സഭയിൽ സമർപ്പിച്ചു)

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3064/സബ്.സി.ബി1/2012/നി.സെ.)

ശിപാർശ

2053-00-800-98—ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്-ധനസഹായം
ബഡ്ജറ്റ് വിഹിതം : 40,80,000 രൂപ (നോൺ പ്ലാൻ)

: 70,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ റവന്യൂ/സർവ്വെ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ റവന്യൂ/സർവ്വെ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷം ഈ തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2053-00-800-90—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

ബഡ്ജറ്റ് വിഹിതം:6,00,00,000 രൂപ (പ്ലാൻ)

:42,12,000 (നോൺ പ്ലാൻ)

സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കുവേണ്ടി വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

## സ്വീകരിച്ച നടപടി

ഒരു ഇന്നോവ കാർ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്.

## ശിപാർശ

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം, വ്യവസായം, കൃഷി, ജലവിഭവം എന്നീ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

## സ്വീകരിച്ച നടപടി

ദേശീയ ദുരന്ത നിവാരണ നിയമം 2005-ന് അനുസൃതമായി സംസ്ഥാന ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ മുഖ്യമന്ത്രി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം വിളിച്ചുചേർക്കുകയും സംസ്ഥാനത്തെ പൊതു ദുരന്ത സ്ഥിതികൾ വിലയിരുത്തുകയും വിവിധ വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുവരുന്നു. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാനതല പ്രതിസന്ധി നിവാരണ ഗ്രൂപ്പ് കൂടിയായി പ്രവർത്തിക്കുകയും ആവശ്യമായ സമയങ്ങളിൽ സംസ്ഥാനതല ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

## ശിപാർശ

സ്കൂൾ തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

## സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സ്കൂളുകളിൽ നീന്തൽ പരിശീലനം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പദ്ധതി തയ്യാറാക്കുകയും പ്രസ്തുത സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയ്ക്ക് 10 ലക്ഷം രൂപ നീന്തൽ പരിശീലനത്തിനായി അനുവദിക്കുകയുണ്ടായി.

(റഫറൻസ് നമ്പർ DMA4/247/2018/DMD, 4-1-2019)

(ഡിലേ സ്റ്റേറ്റ്മെന്റ് 30-1-2019-ന് സഭയിൽ സമർപ്പിച്ചു)

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും

ഇല്ല

## 2020-21 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

17-2-2020, 19-2-2020 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് 2020-2021 സാമ്പത്തിക വർഷത്തെ VI, XI, XX, XXVI, XXVIII, XXIX എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 26-2-2020-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളുടെ കരട് റിപ്പോർട്ട് സമിതി അംഗീകരിക്കുകയും 2-3-2020 -ന് പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഇ. ചന്ദ്രശേഖരൻ,<br>*ചെയർമാൻ,*<br>സബ്ജക്ട് കമ്മിറ്റി II.

തിരുവനന്തപുരം,<br>2020 ജൂലൈ 23.

## അനുബന്ധം

### 2019 മേയ് 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 മേയ് 29-ാം തീയതി ബുധനാഴ്ച നിയമസഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 5.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.
3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീ. കെ. രാജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി.ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. യു.വി. ജോസ്, ലാന്റ് റവന്യൂ കമ്മീഷണർ-ഇൻ-ചാർജ്ജ്
2. ശ്രീമതി എൽ. ഗീത, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീമതി ടെസി.പി.ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ഡോ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി

കരട് ചട്ടങ്ങൾ, ചട്ടങ്ങൾ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച് സമിതി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയ വിഷയം സംബന്ധിച്ച്

ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998 - പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 15150/ സബ്.സി.ബി1/99/നി.സെ.)

പുതുക്കിയ കരട് ചട്ടം ലഭ്യമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവാണെന്ന് വിലയിരുത്തിയ സമിതി, ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള തടസ്സത്തിനുള്ള കാരണമെന്താണെന്ന് ആരാഞ്ഞതിന് പുതുക്കിയ ചട്ടത്തിന്റെ കരട് തയ്യാറാക്കി ധനകാര്യം, വ്യവസായം, നിയമം എന്നീ വകുപ്പുകളുടെ അഭിപ്രായത്തിനായി സമർപ്പിച്ചതിൽ നിയമവകുപ്പിൽ നിന്നും ബന്ധപ്പെട്ട ഫയൽ തിരികെ കിട്ടിയിട്ടില്ലെന്ന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നൽകി. എന്നാൽ പുതുക്കിയ ചട്ടത്തിന്റെ കരട് ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കിയാൽ ഉടൻ തന്നെ അനുമതി നൽകുന്നതാണെന്നും തദവസരത്തിൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. ഉടൻ തന്നെ പുതുക്കിയ ചട്ടത്തിന്റെ കരട് നിയമവകുപ്പിന് അയച്ചുകൊടുക്കാമെന്നും നിയമവകുപ്പിന്റെയും കൂടി അനുമതി കിട്ടിയാൽ മാത്രമേ കരട് ചട്ടം പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളുവെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനും സമിതിയെ അറിയിച്ചു. തുടർന്ന് 18 വർഷമായി നിലനിൽക്കുന്ന പ്രസ്തുത വിഷയത്തിന്മേൽ അന്തിമതീരുമാനം അടുത്ത യോഗത്തിൽ സ്വീകരിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

## II. കരട് ചട്ടങ്ങളുടെ പരിഗണന സംബന്ധിച്ച്

കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് റൂൾസ്

(ഫയൽ നമ്പർ 3819/സബ്.സി.ബി1/2012/നി.സെ.)

കേരളാ റവന്യൂ സർവ്വീസിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നിയമനം നടത്തുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ, സ്ഥിരം തസ്തികയിലെ അഞ്ചാമതായി ഉണ്ടാകുന്ന ഓരോ ഒഴിവിലും നേരിട്ടുള്ള നിയമനം നടത്താവുന്നതാണെന്നാണ് 1963-ലെ ചട്ടങ്ങളിൽ പ്രതിപാദിച്ചിരുന്നുവെന്നും ആയതിൽ 17-3-1994-ലെ സർക്കാർ ഉത്തരവ് പ്രകാരം 'സ്ഥിരം കേഡറിലെ അഞ്ചിലൊന്ന് ഒഴിവുകളിലേയ്ക്ക് ' എന്ന് ഭേദഗതി വരുത്തിയിട്ടുണ്ടെന്നും റവന്യൂ ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു.

തുടർന്ന് പ്രസ്തുത വിഷയത്തിന്മേൽ കൂടുതൽ ചർച്ചകൾ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തു.

### III. ചട്ടങ്ങളുടെ (എസ്. ആർ. ഒ.) സാധൂകരണം സംബന്ധിച്ച്

2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ, (എസ്.ആർ.ഒ. നമ്പർ 902/2018, തീയതി.15-12-2018.)

(ഫയൽ നമ്പർ 4824/സബ്.സി.ബി1/2018/നി.സെ.)

പ്രസ്തുത വിജ്ഞാപനത്തിലെ ചട്ടം 12-ലെ ഉപചട്ടം (1), ഉപചട്ടം (2), ഫാറം 7 എന്നിവയിൽ ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ എന്ന് രേഖപ്പെടുത്തി കാണുന്നുവെന്നും എന്നാൽ ബന്ധപ്പെട്ട ആക്ടിൽ '20.2 ആർ' എന്ന രീതിയിൽ കാണപ്പെടുന്നുവെന്ന് സമിതി ചൂണ്ടികാണിക്കുകയും ഇക്കാര്യത്തിൽ വ്യക്തത വരുന്നതിന്, ആയതിന് ഒരു ഏകീകൃതരൂപം വരുത്തണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും പ്രസ്തുത എസ്.ആർ.ഒ. സാധൂകരിക്കുകയും ചെയ്തു.

### IV. റിപ്പോർട്ടുകളുടെ പരിഗണന സംബന്ധിച്ച്

1. 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ സമിതി അംഗീകരിച്ച ചട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തി പ്രസിദ്ധീകരിച്ചതിനുള്ള വിശദീകരണം.

(ഫയൽ നമ്പർ 14032/സബ്.സി.ബി1/2010/നി.സെ.)

പ്രസ്തുത വിശദീകരണത്തിൽ ചട്ടം 2-ൽ 13(ii)-ലെ '5% of the market value of land per annum' എന്നതിൽ 'Minimum rent is fixed at 500' എന്ന് അധികമായി ചേർത്തതിനുള്ള കാരണം സമിതി ആരാഞ്ഞ വേളയിൽ, മിനിമം തുക നിശ്ചയിച്ചിട്ടില്ലായിരുന്നുവെന്നും പിന്നീട് മിനിമം തുക 500 ആയി നിശ്ചയിച്ചതിനാൽ അതുംകൂടി ഉൾപ്പെടുത്തുകയാണുണ്ടായതെന്നും റവന്യൂ ഉദ്യോഗസ്ഥർ മറുപടി നൽകി. തുടർന്ന് നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

2. 24-1-2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട ലാന്റ് ബോർഡുകൾ, ലാന്റ് ട്രിബ്യൂണലുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്.

(ഫയൽ നമ്പർ 5568/സബ്.സി.ബി1/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. **2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിന്മേലുള്ള അധിക വിവരം.**

(ഫയൽ നമ്പർ 5833/സബ്.സി.ബി1/2018/നി.സെ.)

അധിക വിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## V. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന സംബന്ധിച്ച്

താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 6,9.

(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

2. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 14,15,16,17.

(ഫയൽ നമ്പർ 3064/സബ്.സി.ബി1/2012/നി.സെ.)

3. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 7.

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

തുടർന്ന്, സമിതി 2019 ജൂലൈ മാസം നടത്താനുദ്ദേശിക്കുന്ന അന്തർ സംസ്ഥാന പഠന പര്യടനത്തിനായി കരട് ടൂർ പ്രോഗ്രാമുകൾ തയ്യാറാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം വൈകുന്നേരം 5.20 -ന് അവസാനിച്ചു.

## 2019 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 ജൂലൈ 1-ാം തീയതി തിങ്കളാഴ്ച നിയമസഭാസമ്മേളനത്തിന് ശേഷം വൈകുന്നേരം 5.15 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.

2. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.

3. ശ്രീ. കെ. രാജൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2. ശ്രീമതി എൽ. ഗീത, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

3. ശ്രീമതി ഇ.ആർ. ശോഭന, അഡീഷണൽ ഡയറക്ടർ, സർവ്വേ വകുപ്പ്.

സമിതി, 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### I. നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

<u>2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1605/സബ്.സി.ബി1/2018/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 2,3,9 മുതൽ18 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## II. റിപ്പോർട്ടുകളുടെ പരിഗണന

**എ. 2018-19 സാമ്പത്തിക വർഷത്തെ സമിതിയുടെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സംബന്ധിച്ച്**

(ഫയൽ നമ്പർ 2868/സബ്.സി.ബി1/2019/നി.സെ.)

2018-2019 സാമ്പത്തിക വർഷത്തെ സമിതിയുടെ ആനുകാലിക റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു

**ബി. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സംബന്ധിച്ച്**

(ഫയൽനമ്പർ 3337/സബ്.സി.ബി1/2019/നി.സെ.)

2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

തുടർന്ന് നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ അപഗ്രഥിച്ചുകൊണ്ട് 12-6-2019-ന് ബഹു.സ്പീക്കർ സഭയിൽ നടത്തിയ റൂളിംഗിനെ സംബന്ധിച്ച് യോഗത്തിൽ സമിതി പരാമർശിക്കുകയും ആയതിലെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്തു.

(1) ചട്ടം 238 പ്രകാരമുള്ള ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന കൃത്യമായി നടക്കുന്നുവെന്ന് സബ്ജക്ട് കമ്മിറ്റി ഉറപ്പാക്കണം.

(2) കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പാക്കണം.

(3) നടപ്പുസമ്മേളനം അവസാനിച്ചു കഴിഞ്ഞാലുടൻ പ്രത്യേക അജണ്ട വച്ചുകൊണ്ട് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും അവയുടെ പരിഗണനയും സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

(4) കുടിശ്ശിക ജോലികൾ പൂർത്തീകരിച്ചത് സംബന്ധിച്ച് നിയമസഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ സബ്ജക്ട് കമ്മിറ്റി അദ്ധ്യക്ഷൻ സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണ്.

തുടർന്ന് പ്രസ്തുത റൂളിംഗുമായി ബന്ധപ്പെട്ട് സമിതി, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ആയത് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണെന്നും അറിയിച്ചു.

(1) ദി ഗവൺമെന്റ് ലാന്റ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ് -1998-ന്റെ പുതുക്കിയ കരട് ചട്ടം എത്രയും വേഗം വകുപ്പിൽ നിന്ന് ലഭ്യമാക്കി സമിതി പരിഗണിക്കേണ്ടതാണ്.

(2) 6-12-2018 തീയതിയായി ലഭിച്ച കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) Special Amendment Rules-ന്റെ കരട് ചട്ടം സമിതി പരിഗണിച്ച് അംഗീകരിക്കേണ്ടതാണ്.

(3) റവന്യൂ, ദേവസ്വം വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമത്തിന്മേൽ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ടോയെന്ന് വകുപ്പുകളോട് ആരായേണ്ടതാണ്.

(4) ചട്ടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു തെളിവെടുപ്പ് യോഗം ജൂലൈ മാസത്തിൽ തന്നെ ചേരേണ്ടതാണ്.

(5) നടപടികൾ പൂർത്തിയാക്കിയതിനുശേഷം ഇത് സംബന്ധിച്ച ഒരു പ്രസ്താവന ബഹു. സമിതി ചെയർമാൻ അടുത്ത സമ്മേളനത്തിൽ സഭയിൽ നടത്തേണ്ടതാണ്.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 2019 ആഗസ്റ്റ് 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.

2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

3. ശ്രീ. കെ. രാജൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി.ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം)വകുപ്പ്.
3. ഡോ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റി.
4. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി ജയശ്രീ ടി., ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.

കരട് ചട്ടങ്ങൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള വിഷയങ്ങൾ, 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച് സമിതി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. കരട് ചട്ടങ്ങളുടെ പരിഗണന

1. കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് റൂൾസ്

(ഫയൽ നമ്പർ 3819/ സബ്.സി.ബി1/2012/നി.സെ.)

കെ. എ. എസ്. നിലവിൽ വന്ന സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ അമെന്റ്മെന്റ് ചട്ടങ്ങൾ അംഗീകരിക്കേണ്ട ആവശ്യമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കെ.എ.എസ്.-റൂൾസിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനം നിർത്തിവയ്ക്കാൻ പറഞ്ഞിട്ടില്ലെന്നും ആയത് പൂർണ്ണമായും നിർത്തിവച്ചാൽ ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ കെ.എ.എസ്.-ന്റെ ഫുൾ സ്ട്രെങ്ത് വരുന്ന സമയത്ത് പ്രസ്തുത റൂൾസിൽ ഭേദഗതി വേണ്ടിവരുമെന്ന് പൊതുഭരണവകുപ്പിന്റെ ചുമതല കൂടി വഹിക്കുന്ന റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി മറുപടി നൽകുകയുണ്ടായി.

ഈ അവസരത്തിൽ, " There shall be no appointment by direct recruitment under The Kerala Civil Service (Executive) Special Rules published under ......."

എന്ന് കെ.എ.എസ്. റൂൾസിൽ പറയുന്നുണ്ടെന്നും, അതായത് കെ.എ.എസ്. നിലവിൽ വന്നതിനുശേഷം പ്രസ്തുത റൂൾസ് അനുസരിച്ച് നേരിട്ടുള്ള നിയമനം പാടില്ലായെന്നും അങ്ങനെ വരുമ്പോൾ നിയമനം മുഴുവനും കെ.എ.എസ്. വഴിയാകുമെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. കൂടാതെ പ്രൊമോഷൻ വഴിയുള്ള നിയമനങ്ങൾക്ക് പ്രസ്തുത റൂൾ ബാധകമാകാമെന്നതുകൊണ്ട് കാലാനുസൃതമായ മാറ്റം ആയതിൽ കൊണ്ടുവരേണ്ടതായി വരുമെന്നതിനാൽ പ്രസ്തുത റൂൾ ഇതേരീതിയിൽ അംഗീകരിക്കേണ്ട കാര്യമില്ലായെന്നും കൂട്ടിച്ചേർത്തു.

തുടർന്ന് കെ.എ.എസ്. നിലവിൽ വന്ന സാഹചര്യത്തിൽ, ആവശ്യമെങ്കിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതിയ ചട്ടങ്ങൾ കൊണ്ടുവന്നാൽ മതിയെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നടപടി അവസാനിപ്പിക്കാൻ നിർദ്ദേശിച്ചു

2. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ചട്ടങ്ങൾ:-

(ഫയൽ നമ്പർ 4935/സബ്.സി.ബി1/2018/നി.സെ.)

ഒരു ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ധാരാളം ഉണ്ടാവുകയും മറ്റ് ജില്ലകളിൽ അത്രയും ഇല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഫണ്ട് കൂടുതലുള്ള ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലെ നദീ സംരക്ഷണ പദ്ധതികൾക്ക് തുക നൽകുന്നതിന് അനുവദിച്ചിരുന്നുവെന്നും പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയും തുക കൈമാറണമായിരുന്നുവെന്നും എന്നാൽ ഒരു ജില്ലയിലെ തുക മറ്റ് ജില്ലകൾക്ക് നൽകുന്നതിൽ പല ജില്ലകളിൽ നിന്നും ശക്തമായ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് നിലവിൽ തുക കൈമാറുന്നില്ലായെന്നും സമിതി നിരീക്ഷിക്കുകയുണ്ടായി.

റിവർ മാനേജ്മെന്റ് ഫണ്ട് വേണ്ട രീതിയിൽ വിനിയോഗിക്കാത്തതിന്റെ ഫലമായി വിവിധ ജില്ലകളിലെ പല പദ്ധതികളും തടസ്സപ്പെട്ടിരിക്കുകയാണെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ച വേളയിൽ, പ്രസ്തുത ഫണ്ട് അതത് ജില്ലകളിൽ വിനിയോഗിക്കണമെന്നും അത്യാവശ്യഘട്ടത്തിൽ ഒരു ജില്ലയിലെ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും 25% തുക മറ്റ് ജില്ലകൾക്ക് അനുവദിക്കാമെന്നുമാണ് പ്രസ്തുത ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതെന്നും സമിതി വ്യക്തമാക്കി.

തുടർന്ന്, പ്രസ്തുത കരട് ചട്ടത്തിന്റെ വിശദീകരണക്കുറിപ്പിൽ "ഭൂനികുതിയും വനവും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് "ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II" എന്ന് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ച സമിതി, പ്രസ്തുത കരട് ചട്ടം അംഗീകരിച്ചു.

## II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. ദി ഗവൺമെന്റ് ലാൻഡ് (അലോട്ട്മെന്റ് & അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസ്, 1998 - പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 15150/സബ്.സി.ബി1/99/നി.സെ.)

1998-ലെ ദി ഗവൺമെന്റ് ലാന്റ് (അലോട്ട്മെന്റ് ആന്റ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ്) റൂൾസിന്റെ കരട് ചട്ടത്തിൽ ചില അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് നിയമവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ കരട് ചട്ടം ലഭ്യമാക്കുവാൻ 2001-ൽ സമിതി ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഈ വിഷയത്തിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 18 വർഷമായി നിലനിൽക്കുന്ന പ്രസ്തുത വിഷയത്തിന്മേൽ റവന്യൂ വകുപ്പിനോട് സമിതി വിശദീകരണം ആരാഞ്ഞ വേളയിൽ, വിജ്ഞാപനം ഇറക്കിയത് റവന്യൂ വകുപ്പായിരുന്നെങ്കിലും അത് ചെയ്യേണ്ടിയിരുന്നത് വ്യവസായ വകുപ്പാണെന്നും വ്യാവസായികാവശ്യങ്ങൾക്കുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിന് വേണ്ടിയുള്ള പ്രക്രിയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക എന്നതായിരുന്നു വ്യവസായ വകുപ്പിന്റെ ചുമതലയെന്നും ആയതിൽ കാലതാമസം ഉണ്ടായെന്നും റവന്യൂ, വ്യവസായം എന്നീ വകുപ്പുകളിൽ നിന്നുമുള്ള പ്രക്രിയ പൂർത്തിയായതിനുശേഷമേ സമിതി മുൻപാകെ അന്തിമ കരട് ചട്ടം ലഭ്യമാക്കാൻ സാധിക്കുകയുള്ളുവെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാൻ റവന്യൂ വകുപ്പിന് കഴിയാത്തതിൽ കടുത്ത അതൃപ്തി സമിതി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ റവന്യൂ വകുപ്പ്, നിയമ വകുപ്പുമായുള്ള ആശയ വിനിമയം പൂർത്തീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈയവസരത്തിൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ റവന്യൂ വകുപ്പിൽ നിന്നും നിയമ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്നും 1964-ൽ റവന്യൂ വകുപ്പ് പ്രസിദ്ധീകരിച്ച ചട്ടങ്ങൾ അനുസരിച്ചാണ് വ്യാവസായികാവശ്യങ്ങൾക്കുള്ള ഭൂമി പതിച്ച് നൽകി വരുന്നതെന്നും പ്രസ്തുത ചട്ടങ്ങളിൽ 2000-ൽ ഭേദഗതി വരുത്തിയത് പരിശോധിച്ച സമിതി ചില മാറ്റങ്ങൾ നിർദ്ദേശിച്ചെങ്കിലും ആയവ ഉൾപ്പെടുത്തി ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലായെന്നും വ്യവസായ വകുപ്പിൽ നിന്നും ഇറക്കിയ നോൺസ്റ്റാറ്റ്യൂട്ടറി റൂൾസ് ആണ് നിയമവകുപ്പിന്റെ വെറ്റിംഗിനായി ലഭ്യമാക്കിയിരിക്കുന്നതെന്നും 1964-ലെ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾക്കാണ് ഭേദഗതി കൊണ്ടുവരേണ്ടതെന്നും അതിന് വിധേയമായി മാത്രമേ നോൺസ്റ്റാറ്റ്യൂട്ടറി റൂൾസ് നടപ്പാക്കാൻ സാധിക്കുകയുള്ളൂയെന്നും 1964-ലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ വ്യവസായ വകുപ്പിലാണുള്ളതെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. വ്യവസായികാവശ്യങ്ങൾക്കുള്ള

ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളായതിനാൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് പ്രസ്തുത ഫയൽ കൈമാറുകയാണെങ്കിൽ വേഗത്തിൽ വേണ്ട നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാകുകയും അതിനുശേഷം അന്തിമ കരട് ചട്ടം റവന്യൂ വകുപ്പ് തയ്യാറാക്കുമെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഈ വേളയിൽ അഭിപ്രായപ്പെടുകയുണ്ടായി.

തുടർന്ന് റവന്യൂ വകുപ്പ്, വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് താമസംവിനാ പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും 1964-ലെ ചട്ടങ്ങളിലെ അപാകതകൾ പരിഹരിച്ച് ഭേദഗതി വരുത്തുകയും വേണമെന്നും, ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി. കൂടാതെ ബഹു.സ്പീക്കറുടെ ഉത്തരവോടുകൂടി പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി വ്യവസായം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സംയുക്തയോഗം ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

2. <u>ചോറ്റാനിക്കര ദേവീക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശം - റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്:</u>

(ഫയൽ നമ്പർ 3409/സബ്.സി.ബി1/2015/നി.സെ.)

ധനകാര്യ വകുപ്പുമായി നടത്തിയ അന്വേഷണത്തിൽ ഇത്തരം കാര്യങ്ങൾക്ക് ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലെന്നാണ് അറിയുവാൻ കഴിഞ്ഞതെന്നും ആയതിനായി മുൻപ് വകയിരുത്തിയ 5 കോടി രൂപ ലഭിക്കാൻ സാധ്യതയില്ലെന്നും മാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ചുതന്നെ പ്ലാന്റ് നിർമ്മിക്കണമെന്നതാണ് ധനകാര്യ വകുപ്പിന്റെ നിലപാടെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ചോറ്റാനിക്കര ദേവീക്ഷേത്രത്തിൽ ധാരാളം ആളുകൾ ദർശനം നടത്തുന്നതുകൊണ്ടുതന്നെ മാലിന്യത്തിന്റെ അളവ് വളരെ കൂടുതലാണെന്ന് അഭിപ്രായപ്പെട്ട സമിതി, ഫണ്ട് അനുവദിക്കാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ നിലപാട് അനുസരിച്ച് ഇതിന്മേൽ എന്തു തുടർനടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആരാഞ്ഞു. ചോറ്റാനിക്കര ക്ഷേത്ര പരിസരത്ത് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കണമെന്ന സമിതി നിർദ്ദേശം അനുസരിച്ച് മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട്, ഡി.പി.ആർ. എന്നിവ തയ്യാറാക്കുകയും ആയതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ പ്ലാന്റ്

സ്ഥാപിക്കുന്നതിനുള്ള തുക സർക്കാരിൽ നിന്നും ലഭിച്ചില്ലെങ്കിൽ ആയത് സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി അറിയിച്ചു കൂടാതെ ചോറ്റാനിക്കര പഞ്ചായത്തിലാണ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും പഞ്ചായത്തിന്റെ പ്ലാന്റിൽ ക്ഷേത്രത്തിലെ മാലിന്യം നിക്ഷേപിക്കുവാനോ, ക്ഷേത്രത്തിന് നിർമ്മിക്കുന്ന പ്ലാന്റിൽ പഞ്ചായത്തിലെ മുഴുവൻ മാലിന്യം നിക്ഷേപിക്കുവാനോ കഴിയില്ലെന്നും സാമ്പത്തിക ബാധ്യതയുണ്ടാകുന്നതുകൊണ്ട് പഞ്ചായത്തിൽ വലിയ പ്ലാന്റ് സ്ഥാപിക്കുക സാധ്യമല്ലെന്നും ക്ഷേത്രത്തിന് മാത്രമായി പ്ലാന്റ് സ്ഥാപിക്കുന്നതാണ് ഉചിതമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈയവസരത്തിൽ ക്ഷേത്രത്തിന് മാത്രമായി ചെറിയ പ്ലാന്റ് നിർമ്മിക്കുന്നതാണ് അഭികാമ്യമെന്ന് സമിതി അഭിപ്രായപ്പെടുകയും അത്തരത്തിൽ ഒരു ചെറിയ പ്ലാന്റ് നിർമ്മിക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് ആരായുകയും ചെയ്തു. ചോറ്റാനിക്കര ക്ഷേത്രത്തിൽ പൂവ് ഉൾപ്പെടെയുള്ള ജൈവമാലിന്യമാണ് കൂടുതലുണ്ടാവുക എന്നതിനാൽ അവിടെ ചെലവ് കുറഞ്ഞ 'ബയോവേസ്റ്റ് പ്ലാന്റ്' നിർമ്മിക്കുന്നതാണ് അനുയോജ്യമെന്നും ആവശ്യമാണെങ്കിൽ ആയതിന് സാങ്കേതിക പരിശോധന നടത്താമെന്നും റവന്യൂ (ദേവസ്വം) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. തുടർന്ന്, ചോറ്റാനിക്കര ദേവീക്ഷേത്രത്തിലെ മാലിന്യം മാത്രം സംസ്കരിക്കാൻ കഴിയുന്ന തരത്തിൽ മേൽ സൂചിപ്പിച്ച രീതിയിലുള്ള ചെറിയ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി, ഉദ്യോഗസ്ഥരോട് നിർദ്ദേശിക്കുകയും സമിതി ശിപാർശയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

<u>3. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം - നികത്തപ്പെട്ട തണ്ണീർത്തടങ്ങളെ സംബന്ധിക്കുന്ന പുതിയ പട്ടിക ലഭ്യമാക്കാത്തത് സംബന്ധിച്ച്:</u>

(ഫയൽ നമ്പർ 3138/സബ്.സി.ബി1/2017/നി.സെ.)

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആവശ്യപ്പെട്ട് രണ്ട് വർഷം പിന്നിട്ടതായി സമിതി നിരീക്ഷിച്ച വേളയിൽ പ്രസ്തുത റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും ആയത് സമിതിക്ക് ഉടൻ ലഭ്യമാക്കാമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നിലംനികത്തലുമായി ബന്ധപ്പെട്ട് 4236 കേസ്സുകളുണ്ടെന്നും 744 കേസുകളിൽ അനധികൃതമായി നിലം നികത്തിയത് കണ്ടെത്തി ആയത് പൂർവ്വസ്ഥിതിയിലാക്കിയിട്ടുമുണ്ടെന്നും ആകെ 10 ഹെക്ടർ സ്ഥലമാണ് ആയതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. കൂടാതെ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 5-8-2019-ന് സമിതിക്ക് ലഭ്യമാക്കാമെന്നും അദ്ദേഹം അറിയിച്ചു.

4. <u>ഭൂമി പതിവ് ചട്ടങ്ങളിലെ ഭേദഗതികളിന്മേലുള്ള തുടർനടപടികൾ - റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2072/സബ്.സി.ബി1/2016/നി.സെ.)

1964-ലെ ഭൂപരിഷ്കരണ ചട്ടങ്ങൾ പ്രകാരം കരിങ്കൽ ഖനനം നടത്തുന്നതിന് ഉതകുന്ന രീതിയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണെന്നും സമാന സ്വഭാവമുള്ള മറ്റ് ചില ചട്ടങ്ങളിൽ കൂടി ഭേദഗതി വരുത്തണമെന്നും പ്രസ്തുത വിഷയത്തിൽ ഒരു ഇടക്കാല റിപ്പോർട്ട് സമിതിക്ക് നൽകാമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു.

## III. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന

<u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4577/സബ്.സി.ബി1/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ 4, 6 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് നിയമസഭ പാസ്സാക്കുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കുന്നതു സംബന്ധിച്ച 12-6-2019-ലെ റൂളിംഗ്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കുറിപ്പുകൾ സൂക്ഷ്മ പരിശോധന നടത്തുന്നത് സംബന്ധിച്ച 25-6-2019-ലെ റൂളിംഗ് എന്നിവ സമിതി, യോഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ കുടിശ്ശികയുള്ള ചട്ടങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

യോഗം വൈകുന്നേരം 4.40-ന് അവസാനിച്ചു.

## 2019 ഒക്ടോബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 ഒക്ടോബർ 10-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു.

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.

2. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി രജി. ഡി. ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. യു. വി. ജോസ്, ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

2. ശ്രീ. എസ്. സന്തോഷ്, ഡി.ഐ.ജി. ഓഫ് പ്രിസൺസ്, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്.

3. ശ്രീമതി ഷീലാ റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

4. ശ്രീമതി ടെസ്സി പി. ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി.

6. ശ്രീ. അജയൻ സി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

7. ശ്രീ. കെ. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി, ആർ.കെ.ഐ.

8. ശ്രീ. ജി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.

നിയമസഭാ ചട്ടം 235 എ പ്രകാരം "പ്രളയത്തിൽ തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസം" എന്ന വിഷയം സംബന്ധിച്ചും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

I. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം "പ്രളയത്തിൽ തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസം" എന്ന വിഷയത്തിന്മേലുള്ള ചർച്ച:

സംസ്ഥാനത്തെ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ജീവനോപാധി പുനഃസ്ഥാപിക്കുന്ന പ്രക്രിയ ഒരു പ്രധാന പ്രശ്നമായിരുന്നുവെന്നും ദേശീയ ദുരന്ത പ്രതികരണ മാനദണ്ഡമനുസരിച്ച് ജീവനോപാധി സംരക്ഷണത്തിനായി പ്രത്യേകിച്ച് തുകയൊന്നും മാറ്റി വച്ചിട്ടില്ലായിരുന്നുവെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ആമുഖമായി യോഗത്തെ അറിയിച്ചു. 2018-ൽ ഉണ്ടായ പ്രളയത്തിൽ ഒരു ലക്ഷത്തോളം പേർ ക്യാമ്പുകളിൽ താമസിച്ചിരുന്നുവെന്നും അവർക്ക് രണ്ടായിരം രൂപയാണ് ധനസഹായമായി നൽകിയിരുന്നതെന്നും 2019-ൽ ഉണ്ടായ പ്രളയത്തിൽ, അടിയന്തര ധനസഹായമായി പതിനായിരം രൂപാ വീതം 6,92,000 പേർക്ക് വിതരണം ചെയ്തുവെന്നും അദ്ദേഹം വിശദീകരിച്ചു. കൂടാതെ, ജീവനോപാധി പുനഃസ്ഥാപിക്കുന്നതിനു വേണ്ടി 'ഉജ്ജീവന വായ്പ' എന്നൊരു പദ്ധതി തയ്യാറാക്കി ആയതിന് സർക്കാരിന്റെ അനുമതി ലഭിച്ചുവെന്നും പ്രളയം മൂലം നാശനഷ്ടമുണ്ടായ Micro, Small and Medium Enterprises (MSME)കൾക്ക് ആശ്വാസ ധനസഹായമായി 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് രണ്ട് ലക്ഷം രൂപ വരെ ഇന്ററസ്റ്റ് സബ്സ്ക്രിപ്ഷൻ/മാർജിനൽ റേറ്റ് ഇതിൽ ഏതാണോ കുറവ് അത് നൽകാൻ സർക്കാർ തീരുമാനിക്കുകയും വ്യവസായ വകുപ്പിനോട് ജീവനോപാധി നഷ്ടപ്പെട്ട MSME-കളുടെ കണക്കെടുക്കാൻ ആവശ്യപ്പെടുകയും 7,900 MSME-കളെ പ്രളയം ബാധിച്ചതായി കണ്ടെത്തുകയും അവയ്ക്ക് ലോൺ നൽകണമെന്ന് ബാങ്കുകൾക്ക്, എസ്.എൽ.ബി.സി. (S.L.B.C) പ്രത്യേക നിർദ്ദേശം നൽകിയിരുന്നുവെന്നും നിലവിലെ കണക്കനുസരിച്ച് 96 കോടി രൂപ ഈ വകയിൽ MSME-കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

തദവസരത്തിൽ ഇന്ററസ്റ്റ് സബ്സ്ക്രിപ്ഷനായാണോ 96 കോടി രൂപ നല്കിയത് എന്ന സമിതിയുടെ ചോദ്യത്തിന് MSME-കൾക്ക് നിലച്ചുപോയ ബിസിനസ്സ് പുനരാരംഭിക്കുന്നതിനുള്ള സഹായം എന്ന നിലയ്ക്കാണ് രണ്ട് ലക്ഷം രൂപ, ഇന്ററസ്റ്റ് സബ്സ്ക്രിപ്ഷൻ/മാർജിനൽ റേറ്റ് ഇതിൽ ഏതാണോ കുറവ് അത് നൽകാൻ തീരുമാനിച്ചതെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി മറുപടി നൽകി. കൂടാതെ, ദേശീയതലത്തിൽ ഇത്തരമൊരു പദ്ധതിയേ നിലവിലില്ലായെന്നും സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയതെന്നും ഈ പദ്ധതിയിൽ അലങ്കാര മത്സ്യകൃഷി ചെയ്യുന്നവരെയും അലങ്കാര പക്ഷി വളർത്തൽ നടത്തുന്നവരെയും കിസാൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള കർഷകരെയും

തേനീച്ച കർഷകരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഒരു പശുവിന് 30,000 രൂപാ വച്ച് ക്ഷീരകർഷകർക്ക് 92 കോടി രൂപയുടെ ധനസഹായവും വിതരണം ചെയ്തുവെന്നും കർഷകർക്ക് ജീവനോപാധി/കൃഷി പുനരാരംഭിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 121 കോടി രൂപ ചെലവായിട്ടുണ്ടെന്നും അതിനുപുറമേ ക്യാബിനറ്റിന്റെ തീരുമാനമനുസരിച്ച് CMDRF-ൽ നിന്നും തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി.

തുടർന്ന്, ജീവനോപാധിയുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ അതോറിറ്റിയുടെ അഭ്യർത്ഥന ഗവൺമെന്റിന് മുന്നിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും ഈ മേഖലയിൽ ഇൻഷ്വറൻസ് ഒരു വലിയ പ്രശ്നമാണെന്നും രണ്ട് ദിവസം മുമ്പ് ഇൻഷ്വറൻസ് കഴിഞ്ഞുപോയി എന്ന കാരണത്താൽ രണ്ട് കോടി രൂപ വരെ നഷ്ടം വന്നവരുണ്ടെന്നും ഈ മേഖലയിൽ പ്രത്യേകമായ ഇടപെടലിനുള്ള സാമ്പത്തിക സംവിധാനം ഒരുക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇൻഷ്വറൻസ് തുക കൃത്യസമയത്ത് അടയ്ക്കാത്തത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് സമിതി നിരീക്ഷിച്ച വേളയിൽ അത് അവരുടെ വീഴ്ചയായി കാണാമെങ്കിലും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ MSME-കൾക്ക് വലിയൊരു പങ്കുള്ളതിനാൽ കാലാവസ്ഥ വ്യതിയാനങ്ങളുടെ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാനുള്ള സാഹചര്യം കൂടി പരിഗണിച്ച് അവർക്കൊരു പ്രത്യേക പരിഗണന നൽകേണ്ടിവരുമെന്ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി യോഗത്തെ അറിയിച്ചു.

## II. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന:

1. <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്:-</u>

(ഫയൽ നമ്പർ 4577/സബ്.സി.ബി1/2016/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ 18, 28, 29, 30 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. <u>2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:-</u>

(ഫയൽ നമ്പർ 2529/സബ്.സി.ബി1/2017/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ 25-ന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, ലാൻഡ് ട്രൈബ്യൂണൽ തഹസിൽദാരുടെ ഓഫീസുകൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പ്രസ്തുത ഓഫീസുകളിൽ നിന്നും

പ്രൊപ്പോസലുകൾ ലഭിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, ലാൻഡ് ട്രൈബ്യൂണൽ തഹസീൽദാർമാരുടെ ഓഫീസുകൾക്ക് ആവശ്യമായ വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണെന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് പ്രൊപ്പോസൽ തയ്യാറാക്കി ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണെന്ന വിവരം ലാൻഡ് ട്രൈബ്യൂണലിനെയോ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയോ അറിയിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും, വിവരം അറിയിച്ചിട്ടുണ്ടെങ്കിൽ ഇതുവരെ പ്രൊപ്പോസൽ ലഭ്യമാക്കാത്തതിനുള്ള കാരണങ്ങൾ സമിതിക്ക് ലഭ്യമാക്കാനും നിർദ്ദേശിച്ചു. തുടർന്ന് പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

3. <u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്:-</u>

(ഫയൽ നമ്പർ 3015/സബ്.സി.ബി1/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ 18-മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ പൊതുശിപാർശകളിന്മേൽ (ശിപാർശ നമ്പർ 21, 22) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, പൊതുഭരണ (പാർലമെന്റ്), ആഭ്യന്തര (ബി)), നിയമ (നോഡൽ) എന്നീ വകുപ്പുകളിൽ നിന്നുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന വേളയിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പ്ലാൻ ഫണ്ടിന്റെ 10% തുക ആയതിനായി മാറ്റിവയ്ക്കേണ്ടതില്ലായെന്നാണ് പൊതുഭരണ വകുപ്പ് അറിയിച്ചിരിക്കുന്നതെന്ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, അതാത് വകുപ്പുകളുടെ മേഖലാ അടിസ്ഥാനത്തിലുള്ള പുരോഗതിക്ക് വേണ്ടിയാണ് ദുരന്ത ലഘൂകരണ പദ്ധതിയിൽ പരാമർശിക്കുന്ന 10% തുക മാറ്റിവയ്ക്കേണ്ടതെന്നും ആയത് ദുരന്തനിവാരണ അതോറിറ്റിയ്ക്ക് കൈമാറേണ്ട ആവശ്യമില്ലായെന്നും മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുക്കാത്ത വകുപ്പുകൾ ദുരന്തലഘൂകരണ പദ്ധതി തയ്യാറാക്കി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് സമർപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശം കൂടി സമിതി നൽകണമെന്ന ഒരു അഭ്യർത്ഥനയും അദ്ദേഹം മുന്നോട്ടുവച്ചു. മാറ്റിവച്ച 10% തുക എപ്രകാരം വിനിയോഗിക്കണമെന്ന് പ്രസ്തുത പദ്ധതിയിലൂടെയാണ് വിശദീകരിക്കേണ്ടതെന്നും, ആസൂത്രണ ബോർഡിന്റെ പദ്ധതി മുന്നൊരുക്കത്തിന്റെ ഭാഗമായി മാത്രമേ ആയത് നടപ്പിലാകുകയുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി. തദവസരത്തിൽ സമിതിയുടെ പൊതുശിപാർശയിന്മേൽ പ്ലാൻഫണ്ട് കറവായതിനാൽ ഇതുവരെ തുക മാറ്റിവച്ചിട്ടില്ലെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി

നേരിട്ട് ബന്ധമില്ലാത്തതിനാൽ ടി വ്യവസ്ഥ ബാധകമല്ലായെന്നുമുള്ള നിയമ(നോഡൽ) വകുപ്പിന്റെ മറുപടി അഭികാമ്യമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

മേൽപ്പരാമർശിച്ച വിഷയം 2005-ലെ കേന്ദ്ര ദുരന്തനിവാരണ നിയമത്തിന്റെ ഭാഗമായി തീരുമാനിച്ചതാണെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുക്കാത്ത വകുപ്പുകൾ അതാത് വകുപ്പുകളുടെ മേഖലാ അടിസ്ഥാനത്തിലുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് ചിലവഴിക്കേണ്ടതിനായി 10% തുക മാറ്റി വയ്ക്കണമെന്നും, ആയത് എപ്രകാരമാണ് ചിലവഴിക്കേണ്ടത് എന്നത് സംബന്ധിച്ച് എല്ലാ വകുപ്പുകളും ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്നും സമിതി വ്യക്തമാക്കി. പ്രസ്തുത വിവരം എല്ലാ വകുപ്പുകളെയും അറിയിക്കുന്നതിനും സമിതി നിർദ്ദേശിച്ചു. തുടർന്ന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, പൊതുഭരണം, ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളുടെ നടപടിപത്രിക സമിതി അംഗീകരിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.

## 2019 നവംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 നവംബർ 5-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിന് ശേഷം വൈകുന്നേരം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
3. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.
4. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.
5. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
6. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

2. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വിജയകുമാർ ടി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീ. രാജീവ് കുമാർ എൽ.ആർ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി The Madras Hindu Religious and Charitable Endowments (Amendment) Bill, 2019 പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

For Clause 2, the following proviso shall be substituted, namely:-

" Provided that such a member shall not be eligible for re-nomination or re-election consecutively for more than two terms" .

സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, എം.എൽ.എ., കെ.എൻ.എ. ഖാദർ, എം.എൽ.എ., ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ. എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 2019 നവംബർ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 നവംബർ 11-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിന് ശേഷം വൈകുന്നേരം 5.15 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം. എൽ. എ.

2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ.

3. ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ.

4. ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ.

5. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. പി.ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കാർഷിക വികസനവും കർഷകക്ഷേമവും വകുപ്പ്.

3. ശ്രീമതി റംലത്ത്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

യോഗത്തിൽ, സമിതി '2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ' പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു

ബില്ലിന്റെ 2-ാം ഖണ്ഡത്തിൽ "2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ (2007-ലെ 1)" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും ശേഷം "(ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, എം.എൽ.എ., കെ. എൻ. എ. ഖാദർ, എം. എൽ. എ., ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ. എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 2019 ഡിസംബർ 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2019 ഡിസംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

2. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

3. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി.ബി. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി രജി. ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്.

2. ഡോ. എ. കൗശിഗൻ, ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്.

3. ശ്രീമതി എൽ. ഗീത, സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

4. ശ്രീ. വിജയകുമാർ. റ്റി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീമതി വത്സ. വി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

6. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

7. ശ്രീമതി നിഷ. എസ്., അഡീഷണൽ സെക്രട്ടറി, തൊഴിൽ വകുപ്പ്.

## I. കരട് ചട്ടങ്ങളുടെ പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 6154/സബ്.സി.ബി.1/2019/നി.സെ.)

ചുവടെ ചേർക്കുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

### (1.) The Kerala Land Assignment (Amendment) Rules, 2019

(എ) പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ രണ്ടാം ചട്ടത്തിൽ, **'substituted'** എന്ന വാക്കിനു പകരം **'inserted'** എന്ന വാക്ക് ചേർക്കാവുന്നതാണ്.

(ബി) **"In the Kerala Land Assignment Rules, 1964, in rule 18 after sub-rule (1),"** എന്നത് **"In the Kerala Land Assignment Rules, 1964, in rule 18 after sub-rule (2),"** എന്ന രീതിയിൽ മാറ്റം വരുത്താവുന്നതാണ്.

(സി) രണ്ടാം ചട്ടത്തിലെ (i) -ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്താവുന്നതാണ്.

**"Provided that where the aggregate amount of arrears is comparatively high and lessee has requested for more installments for remitting the same, the Government may by sufficient reasons allow the lessee to remit the amount, not exceeding, in ten installments".**

(ഡി) രണ്ടാം ചട്ടത്തിലെ **(i),(ii)** എന്നീ അക്കങ്ങളെ **(3) (i),(ii)** എന്ന രീതിയിൽ ചട്ടങ്ങൾക്ക് പുനരക്കം നൽകാവുന്നതാണ്.

(2) The Assignment of Land within Municipal and Corporation Areas (Amendment) Rules, 2019

(എ) പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ രണ്ടാം ചട്ടത്തിൽ, **'substituted'** എന്ന വാക്കിനു പകരം **'inserted'** എന്ന വാക്ക് ചേർക്കാവുന്നതാണ്.

(ബി) രണ്ടാം ചട്ടത്തിലെ (6)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്താവുന്നതാണ്.

**"Provided that where the aggregate amount of arrears is comparatively high and lessee has requested for more installments for remitting the same, the Government may by sufficient reasons allow the lessee to remit the amount, not exceeding, in ten installments".**

(സി) രണ്ടാം ചട്ടത്തിലെ **(6), (7)(ii)** എന്നീ അക്കങ്ങളെ **(6) (i), (ii)** എന്ന രീതിയിൽ ചട്ടങ്ങൾക്ക് പുനരക്കം നൽകാവുന്നതാണ്.

## II. ഇടക്കാല റിപ്പോർട്ട് പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 2072/സബ്.സി.ബി.1/2016/നി.സെ.)

ഭൂമി പതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന സമിതി നിർദ്ദേശത്തിന്മേലുള്ള ഇടക്കാല റിപ്പോർട്ട്, സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### III. നടപടി സ്റ്റേറ്റ്മെന്റ് പരിഗണന

ചുവടെ ചേർക്കുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 1,4,5,19 എന്നിവയിന്മേലുള്ള നടപടി റിപ്പോർട്ട്, കാലതാമസപത്രിക.

(ഫയൽ നമ്പർ 1605/സബ്.സി.ബി.1/2018/നി.സെ.)

(2) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 2,11 എന്നിവയിന്മേലുള്ള നടപടി റിപ്പോർട്ട്, പ്രസ്തുത റിപ്പോർട്ടിലെ പൊതു ശിപാർശകളിന്മേൽ (ശിപാർശ നമ്പർ 21,22) സാമൂഹ്യ നീതി (എ), ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, വിനോദ സഞ്ചാരം (സി), ഫാക്ടറീസ് & ബോയിലേഴ്സ്, വ്യാവസായിക പരിശീലനം, പരിസ്ഥിതി (എ) എന്നീ വകുപ്പുകളിൽ നിന്നുള്ള നടപടി റിപ്പോർട്ട്.

(ഫയൽ നമ്പർ 3015/സബ്.സി.ബി.1/2019/നി.സെ.)

### IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച്

(1) <u>2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>:

(ഫയൽ നമ്പർ 3409/സബ്.സി.ബി.1/2015/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 3,4,5,9,10,11,12 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ നിരവധി തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തത്, സമിതിയോടുള്ള നിരുത്തരവാദപരമായ സമീപനമായി സമിതി വിലയിരുത്തുകയും അടുത്ത യോഗത്തിന് മുൻപ് ടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കണമെന്ന് കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു.

<u>2. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>:

വിവിധ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ അവശേഷിക്കുന്നുവെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കണമെന്നും അവശേഷിക്കാത്ത പക്ഷം പ്രസ്തുത വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു

യോഗം ഉച്ചയ്ക്ക് 12.10-ന് പിരിഞ്ഞു.

## 2020 ഫെബ്രുവരി 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2020 ഫെബ്രുവരി 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.
3. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ലത സി.എ., ലാന്റ് റവന്യൂ കമ്മീഷണർ.
2. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി.
3. ശ്രീ. എം. ഹർഷൻ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
4. ശ്രീമതി നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. എസ്. അനൂപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

### ധനാഭ്യർത്ഥന നമ്പർ VI-ഭൂനികുതി

2029-00-001-99 —ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഉപയോഗത്തിനായി 10 ലക്ഷം രൂപയിൽ താഴെ വിലയുള്ള വാഹനം വാങ്ങുന്നതിന് 7-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2512/2019/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതായും ആയതിന് 10 ലക്ഷം രൂപയും, റവന്യൂ വകുപ്പിലെ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായുള്ള കരാർ തുക നൽകുന്നതിന് 40 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്നും മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2029-00-101-99—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി നൽകുന്നതിനും, വിവിധ വില്ലേജ് ഓഫീസുകളുടെ വാടക നൽകുന്നതിനും, വില്ലേജ് ഓഫീസുകളുടെ ഓഫീസ് ചെലവിനത്തിലും അധികമായി തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2029-00-800-74 —കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള ചെലവുകൾ

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

### ധനാഭ്യർത്ഥന നമ്പർ XXVI—പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്

2245-80-102-93—മറ്റ് ദുരന്തനിവാരണ പദ്ധതികൾ (സുരക്ഷ ഉൾപ്പെടെ) ODMS (100% കേന്ദ്രാവിഷ്കൃതം) (01) ദുരന്ത സാധ്യത കുറയ്ക്കുന്നതിനുള്ള സെൻഡായ് ഫ്രെയിം വർക്ക് നടപ്പിലാക്കൽ

26-9-2019-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6845/2019/ധന. പ്രകാരം 19.64 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിച്ചിരുന്നെങ്കിലും ടി തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായി മനസ്സിലാക്കിയ സമിതി,

ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 19.64 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2245-80-102-95—<u>ചുഴലിക്കാറ്റുമൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി</u>

(01) ചുഴലിക്കാറ്റുമൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ (75% CSS)

(02) മുന്നറിയിപ്പ് നൽകാനുള്ള സംവിധാനങ്ങൾ (100% CSS)

(03) ബഹുവിധ ദുരന്തനിവാരണത്തിനുള്ള സാങ്കേതിക സഹായം (100% CSS)

(04) പ്രോജക്ട് മാനേജ്മെന്റിനും നിർവ്വഹണത്തിനുമുള്ള സഹായം (100% CSS)

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2020-21 സാമ്പത്തിക വർഷം അവസാനിക്കുന്നതിനാൽ നിർമ്മാണ പുരോഗതിയിൽ ആയിരിക്കുന്ന ഷെൽട്ടറുകൾക്കും മറ്റ് ചെലവുകൾക്കും വേണ്ടി കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ചുവടെ ചേർക്കുന്ന രീതിയിൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 109.186 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

(01) - 51.9 കോടി രൂപ

(02) - 44.6 കോടി രൂപ

(03) - 7.576 കോടി രൂപ

(04) - <u>5.11 കോടി രൂപ</u>

ആകെ - 109.186 കോടി രൂപ

റവന്യൂ വകുപ്പിന് കീഴിലെ പൊതു ചെലവുകൾക്കായുള്ള തുക എല്ലാ വർഷവും പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതുമൂലം നിർമ്മാണ പ്രവൃത്തികൾക്ക് പ്രതിസന്ധി നേരിടുന്നതായി സമിതി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പിന് കീഴിൽ 'ജനറൽ എക്സ്പെൻഡിച്ചർ' എന്ന നാമത്തിൽ ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കണമെന്ന ശിപാർശ, സമിതിയുടെ 2019-20 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നതായി സമിതി നിരീക്ഷിക്കുകയും പ്രസ്തുത ശിപാർശയിന്മേൽ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ചെയ്യു.

തുടർന്ന് പൊതുമരാമത്ത് വകുപ്പിൽ നിന്നും നിർമ്മാണ പ്രവൃത്തികൾക്കായുള്ള തുക സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രം റവന്യൂ വകുപ്പിന്റെ ശീർഷകത്തിലേയ്ക്ക് മാറ്റി നൽകുന്ന പ്രവണതമൂലം ടി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ തടസ്സം നേരിടുന്നതിനാൽ മേൽ സൂചിപ്പിച്ച രീതിയിൽ റവന്യൂ വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾക്കായി ജനറൽ സർവ്വീസിൽ പുതിയൊരു ശീർഷകം അനുവദിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യു.

കൂടാതെ സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, തിരുവനന്തപുരം ജില്ലയിലെ വെള്ളറട വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം തീപിടുത്തത്തിൽ നശിച്ചുപോയതിനെത്തുടർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായുള്ള പരിശോധനയിൽ പഴയ കെട്ടിടം സ്ഥിതി ചെയ്തിരുന്ന സ്ഥലം, റവന്യൂ രേഖ പ്രകാരം വനം വകുപ്പിന്റേതായി കാണുന്നതിനാൽ ആയത് റവന്യൂ വകുപ്പിലേയ്ക്ക് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തിയായിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു ആയതിനാൽ ഇക്കാര്യത്തിൽ ത്വരിത നടപടി സ്വീകരിക്കുന്നതിനും, കെട്ടിടം നിർമ്മിക്കുന്നതിനും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യു.

യോഗം രാവിലെ 11.40-ന് പിരിഞ്ഞു.

## 2020 ഫെബ്രുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2020 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.
3. ശ്രീ. മാത്യു ടി. തോമസ്, എം. എൽ. എ.
4. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
5. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.

6. ശ്രീ. കെ. രാജൻ, എം.എൽ.എ.

7. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി.ബി. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി രജി. ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ഡോ. വേണു. വി, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

2. ശ്രീ. കെ.ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.

3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.

4. ശ്രീമതി ലത. സി.എ, ലാന്റ് റവന്യൂ കമ്മീഷണർ

5. ഡോ. ശേഖർ എൽ. കര്യാക്കോസ്, മെമ്പർ സെക്രട്ടറി, ദുരന്തനിവാരണ അതോറിറ്റി.

6. ശ്രീമതി നിതാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

7. ശ്രീ. കെ. സുനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ആർ.കെ.ഐ.

8. ശ്രീ. വി. സെൻ, ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണ വകുപ്പ്.

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XI, XX, XXVIII, XXIX എന്നിവയുടെ പരിധിയിൽ വരുന്ന ശീർഷകങ്ങളിലെ കണക്കിനങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ശിപാർശകൾ നൽകുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

### ധനാഭ്യർത്ഥന നമ്പർ XI-ജില്ലാഭരണവും പലവകയും

2053-00-093-96 —ഡിഫൻസ് പേഴ്സണലിനുവേണ്ടിയുള്ള റിക്രൂട്ട്മെന്റ് റാലികൾ

വിവിധ ജില്ലകളിൽ റിക്രൂട്ട്മെന്റ് റാലികൾ നടന്ന് വരുന്നതിനാൽ അധികം തുക ആവശ്യമാണെന്ന് മനസ്സിലായ സമിതി, പ്രതിരോധ സേനകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്

റാലികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുമ്പോൾ ജില്ലാ ഭരണകൂടം നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ഉപയോഗിക്കുന്ന ടി ശീർഷകത്തിൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-093-98 —സംസ്ഥാനത്തെ വില്ലേജ്, താലൂക്ക് റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

പുതുതായി രൂപീകരിച്ച നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർഗോഡ്, പുനലൂർ എന്നീ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, കുന്നംകുളം, പയ്യന്നൂർ എന്നീ രണ്ട് താലൂക്കുകളുടെയും പുനഃസംഘടനയ്ക്ക് ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനായി അധികം തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-094-42 —കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിന് നിലവിലെ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷത്തിൽ 3.919 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-094-43 —കിഫ്ബിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

കിഫ്ബിയിലെ സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്കും ഓഫീസ് ചെലവുകൾ, യാത്രബത്ത, കെട്ടിട വാടക എന്നീ ആവശ്യങ്ങൾക്കായും നിലവിലെ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷത്തിൽ 2.0256 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2053-00-094-99 —മറ്റു എസ്റ്റാബ്ലിഷ്മെന്റുകൾ

താലൂക്കാഫീസുകളിലെ വാഹനങ്ങളുടെ ഇന്ധന ചിലവുകൾക്കായി 2053-00-094-99-45 ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2053-00-094-99-21-2- ശീർഷകത്തിൽ 25 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്നും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ മേൽ അധികതുക ഒഴിച്ച് കൂടാനാവാത്തതാണെന്നും മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-101-99 —സംസ്ഥാന ധർമ്മകാര്യം

തിരുവനന്തപുരം എസ്.എം.വി, സ്കൂളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 12,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അഞ്ച് ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേക്കുള്ള പരീക്ഷാ നടത്തിപ്പിനുള്ള ചെലവിനും അധികം ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പളച്ചെലവിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-102-99 —1951-ലെ മദ്രാസ് എച്ച്.ആർ. & സി.ഇ. നിയമം നടപ്പാക്കൽ

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ജീവനക്കാരുടെ ശമ്പളം നൽകുന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം 2019-20-ലെ കുടിശ്ശിക ക്ഷാമബത്ത കൂടി അനുവദിക്കേണ്ടതിനാൽ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 37.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണം

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന ഘട്ടത്തിൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത ആവശ്യത്തിലേയ്ക്കായി. ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-82 —വൈക്കം ക്ഷേത്ര കലാപീഠം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വൈക്കത്ത് പ്രവർത്തിക്കുന്ന ക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി രൂപം കൊടുത്ത ക്ഷേത്രകലാപീഠം എന്ന സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 49.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-85—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും മ്യൂസിയം, ലൈബ്രറി എന്നിവ വിപുലീകരിക്കുന്നതിനും, അംഗങ്ങൾക്ക് ഓണറേറിയം അനുവദിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ വിവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-86—ആചാര്യസ്ഥാനികർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും മാസ അലവൻസ് നൽകുന്നതിനായി സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്തു വരുന്നതെന്നും പുതിയ അപേക്ഷകരെയും കൂടി ഉൾപ്പെടുത്തി ധനസഹായം വിതരണം ചെയ്യേണ്ടതുള്ളതിനാൽ നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി 1.665 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

സർക്കാർ ക്ഷേമപെൻഷനുകളുടെ മിനിമം തുക 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന അലവൻസ് തുക 1100 രൂപയിൽ നിന്നും 1300 രൂപയായി വർദ്ധിപ്പിക്കുന്നതിനും, വർദ്ധനവിന് അനുസൃതമായ തുക പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനും സമിതി ശിപാർശ ചെയ്തു.

2250-00-103-87— മലബാർ ദേവസ്വം ബോർഡ്

31— സഹായധനം- ശമ്പളം

36—സഹായധനം - ശമ്പളേതരം

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവുകളായ ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ ഗ്രാന്റ് എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്നും മലബാർ ദേവസ്വം ബോർഡിൽ ഉടൻ ശമ്പള പരിഷ്കരണത്തിനുള്ള സാധ്യതയും സമിതി നിരീക്ഷിച്ചു. തുടർന്ന് മേൽ ശീർഷകത്തിൽ ശമ്പള ഇനത്തിൽ 27.5 കോടി രൂപയും ശമ്പളേതര ഇനത്തിൽ 3 കോടിയും ഉൾപ്പെടെ ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 30.5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

വഖഫ് എൻക്വയറി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം എറണാകുളം ഓഫീസ് കൂടാതെ 6 ഡിവിഷണൽ ഓഫീസുകളും ഒരു എക്സ്റ്റൻഷൻ കൗണ്ടറും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ആരംഭിച്ചിട്ടുള്ളതുകൊണ്ട് ഭരണപരമായ ചെലവുകൾ വർദ്ധിച്ച സാഹചര്യമുള്ളതായി മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 11.28 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ, എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരുടെ ക്ഷേമനിധി മാസവിഹിതം, ക്ഷേത്ര വിഹിതം, എഫ്.ഡി.യിൽ നിന്ന് ലഭിക്കുന്ന പലിശ എന്നിവയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, 25,000 രൂപ വരെയുള്ള ചികിത്സാ ധനസഹായം എന്നീ ചെലവുകൾ നിർവ്വഹിച്ച് വരുന്നതെന്ന് സമിതി നിരീക്ഷിച്ചു. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ ക്ഷേത്ര ജീവനക്കാരുടേതിൽ നിന്നും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ ക്ഷേമനിധി ആനുകൂല്യങ്ങൾ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നത് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ഭാരിച്ച ചെലവ് വരുന്നുണ്ടെന്നും ക്ഷേത്രങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 31.9999 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരം വക ഫണ്ടിലേക്കും ഉള്ള സഹായം

തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിനും വാർഷിക വിഹിതം നൽകുന്ന ഈ ശീർഷകത്തിൽ 15 വർഷം മുമ്പുള്ള നിരക്കാണ് ഇപ്പോഴും നൽകി വരുന്നതെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

തുടർന്ന്, ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി റവന്യൂ(ദേവസ്വം) വകപ്പിൽ നിന്നും ലഭ്യമാക്കിയ കുറിപ്പുകളിൽ, ഓരോ ശീർഷകങ്ങളിലും കഴിഞ്ഞ 5 വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, ആയതിൽ ചെലവായ തുകകൾ സംബന്ധിച്ച് വിശദീകരിച്ചിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയ സമിതി, പ്രസ്തുത വിഷയത്തിൽ ബഹു. സ്പീക്കറുടെ റൂളിംഗ് നിലനിൽക്കുന്നതിനാൽ ടി ചെലവായ തുകയെ സംബന്ധിച്ചുള്ള വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും**

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)

ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാന കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-115-99—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

ആർ. കെ. ഐ. യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികൾക്കും ആവശ്യമായ തുക ഈ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

5475-00-115-94—കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ.)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മൂലധന ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ നിലവിൽ ബഡ്ജറ്റിൽ നാല് ഉപശീർഷകങ്ങളിലായി അനുവദിച്ച 1000 കോടി രൂപയ്ക്ക് പുറമേ, പ്രസ്തുത ശീർഷകത്തിൽ പിന്നീട് അനുവദിച്ച **ജലവിതരണം(05), ദുരന്തനിവാരണ തയ്യാറെടുപ്പ് (06), ശുചിത്വം (07), ഗതാഗതം (08)** എന്നീ ഉപശീർഷകങ്ങൾക്ക് 250 കോടി രൂപ വീതം വേണ്ടിവരുമെന്ന് സമിതി നിരീക്ഷിച്ചു. തുടർന്ന് 5475-00-115-94 കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ എന്ന ശീർഷകത്തിൽ **ജലവിതരണം(05), ദുരന്തനിവാരണ തയ്യാറെടുപ്പ് (06), ശുചിത്വം (07), ഗതാഗതം (08)** എന്നീ ഉപശീർഷകങ്ങൾക്ക് 250 കോടി രൂപ വീതം ആകെ 1000 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

4551-60-800-99—ശബരിമല മാസ്റ്റർ പ്ലാൻ

ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 20.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു.

## 2020 ഫെബ്രുവരി 26-ാം തീയതിയിലെ യോഗനടപടികളെക്കുറിച്ച്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2020 ഫെബ്രുവരി 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനായ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. ഇ ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം. എൽ. എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
5. ശ്രീ. കെ. രാജൻ, എം. എൽ. എ.
6. ശ്രീമതി ഷാനിമോൾ ഉസ്മാൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. പി.ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി രജി.ഡി.ഒ., അണ്ടർ സെക്രട്ടറി.

സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട്, സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.